**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5369

05.07.2012 ൽ
മറുപടിക്ക്

## ഇ - ജില്ല പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | ഇ-ജില്ല പദ്ധതി നടപ്പാക്കുന്നതിന് തെരഞ്ഞെടുത്ത പൈലറ്റ് ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | എ) | കണ്ണൂർ, പാലക്കാട്. |
| ബി) | ഈ പദ്ധതി പ്രകാരം ഏതെല്ലാം വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കാണ് പരിശീലനം നൽകുന്നതെന്ന് വിശദമാക്കാമോ; | ബി) | ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ റവന്യൂ വകുപ്പിന്റെ 23 സേവനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്കാണ് പരിശീലനം നൽകുന്നത്. ഇപ്പോൾ കണ്ണൂർ, പാലക്കാട്, കോട്ടയം, പത്തനംതിട്ട, മലപ്പുറം എന്നീ ജില്ലകളിൽ പരിശീലനം നൽകിവരുന്നു. |
| സി) | പൈലറ്റ് ജില്ലകളിലെ ഏതെല്ലാം വകുപ്പിലെ ജീവനക്കാർക്കാണ് ലാപ് ടോപ്പുകൾ നൽകുന്നതെന്ന് വ്യക്തമാക്കാമോ ; | | (സി), (ഡി) ആന്റ് (ഇ) |
| ഡി) | ആദ്യഘട്ടത്തിൽ എത്ര ലാപ് ടോപ്പുകൾ വിതരണം ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ; | | ഇ-ജില്ല പദ്ധതി നടപ്പിലാക്കുന്ന എല്ലാ ജില്ലകളിലേയും, വിവിധ വകുപ്പുകളിലെ ഇൻഫ്രാസ്ട്രക്ചർ ഗ്യാപ്പിന്റെ അടിസ്ഥാനത്തിലാണ് ലാപ് ടോപ്പുകൾ നൽകാൻ ഉദ്ദേശിക്കുന്നത്. ഇതിനായുള്ള വിവരങ്ങൾ ശേഖരിച്ചു വരികയാണ്. |
| ഇ) | ഇവ ഏതെല്ലാം വകുപ്പിനാണ് നൽകുന്നതെന്ന് വിശദമാക്കാമോ; | | |

Rahul. K. Jaiswal
സെക്ഷൻ ഓഫീസർ